**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **09-08-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി നിലവിൽ എത്ര കശുവണ്ടി ഫാക്ടറികളാണ് പ്രവർത്തിച്ചു വരുന്നതെന്ന് പൊതുമേഖല / സ്വകാര്യ മേഖല എന്നിങ്ങനെ തരം തിരിച്ച് വിശദാംശം നൽകാമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിൽ പൊതുമേഖലയിൽ 7 കശുവണ്ടി ഫാക്ടറികളും സ്വകാര്യ മേഖലയിൽ 61 ഫാക്ടറികളും നിലവിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | 2021 വരെ കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികളാണ് പ്രവർത്തിച്ചിരുന്നതെന്നും അതിൽ പൊതുമേഖല/ സ്വകാര്യ മേഖല എന്നിങ്ങനെ തരം തിരിച്ച് വിശദാംശം നൽകാമോ; | (ബി) | 2021 വരെ കുണ്ടറ നിയോജക മണ്ഡലത്തിൽ പൊതുമേഖലയിൽ 7 കശുവണ്ടി ഫാക്ടറികളും സ്വകാര്യ മേഖലയിൽ 70 എണ്ണവും ഉൾപ്പെടെ ആകെ 77 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. |
| (സി) | പ്രസ്തുത കശുവണ്ടി ഫാക്ടറികളിൽ 2021, 2022 ,2023 എന്നീ കലണ്ടർ വർഷങ്ങളിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നു എന്ന് വിശദമാക്കാമോ; | (സി) | പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ 2021 വർഷം ആകെ 556 തൊഴിൽ ദിനങ്ങളും (ശരാശരി 90) സ്വകാര്യമേഖലയിൽ 13292 തൊഴിൽ ദിനങ്ങളും (ശരാശരി 190) 2022 വർഷം യഥാക്രമം 461 (ശരാശരി 73), 9557 (ശരാശരി 163) തൊഴിൽദിനങ്ങളും 2023 ൽ ഇതുവരെ യഥാക്രമം 386 (ശരാശരി 65), 7543 (ശരാശരി 119) എന്നിങ്ങനേയും തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ? | (ഡി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി മുൻവർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ തുടർച്ചയായി 2023-24 സാമ്പത്തിക വർഷവും പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കുമായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലയിലുള്ള കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 225 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 100 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ |

വകയിരുത്തി യിരുന്നതിൽ നിന്നും ആധുനിക വത്ക്കരണത്തിന് 45 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 38 ലക്ഷം രൂപയും ഇതുവരെയായി അനുവദിച്ച് നൽകി. കാപ്പക്സ് ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി വകയിരുത്തിയ 350 ലക്ഷം രൂപയിൽ നിന്നും 70 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിനായി വകയിരുത്തിയ 50 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയും 2023-24-ൽ നൽകിയിട്ടുണ്ട്. വ്യവസായ വികസനത്തിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉൽപന്നങ്ങളും വിവിധ ഔട്ട്ലെറ്റുകൾ വഴിയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും വിപണനം നടത്തി വരുന്നു.

കൂടാതെ സംസ്ഥാനത്ത് കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് ബജറ്റിൽ വകയിരുത്തിയ 720 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷം Resume ചെയ്ത ഫണ്ട് ഇനത്തിൽ കശുമാവ് കൃഷിവികസന ഏജൻസിയ്ക്ക് 66,13,725/- രൂപയും കാപ്പക്സിന് 9,71,702/- രൂപയും 2023-24 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ കീഴിലുള്ള ഫാക്ടറികളുടെ തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പ് വരുത്താനാവശ്യമായ തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന് ബജറ്റിൽ വകയിരുത്തിയ 43.55 കോടി രൂപയും ഇതിനകം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡ് രൂപീകരിച്ചതിനു ശേഷം നാളിതുവരെയായി 59,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾക്ക് നൽകിയിട്ടുണ്ട്. ഓണത്തിന് ശേഷവും കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽലഭ്യമാക്കുന്നതിനായി ഗിനി-ബിസ്സാവുവിൽ നിന്നും 5500 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കാഷ്യൂ ബോർഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി പുനരുദ്ധാരണ പാക്കേജിനായി 30 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 20 കോടി രൂപ സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ പി.എഫ്,

| | | | |
|---|---|---|---|
| | | | ഇ.എസ്.ഐ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചെലവഴിക്കുന്നു. ആദ്യമായാണ് സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് സ്റ്റാറ്റ്യൂട്ടറിയായി മനേജ്മെന്റ് അടയ്ക്കുന്ന വിഹിതം സർക്കാർ നൽകുന്നത്. 5 കോടി രൂപ ഷെല്ലിംഗിന്റെ ആധുനികവത്ക്കരണത്തിനും 5 കോടി രൂപ സ്ത്രീ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്താനും സഹായമായി നൽകുന്നു.<br><br>ഇതു കൂടാതെ സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയെടുക്കുന്നുവെങ്കിൽ പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ സർക്കാർ നൽകുന്നു. കൂടാതെ മൂലധന സബ്സിഡിയും നൽകുന്നു. എൻ.പി.എ ആയ വ്യവസായങ്ങളെ സഹായിക്കുന്നതിന് ബാങ്കുകളുമായി ഉണ്ടാക്കിയ ധാരണ, വ്യവസായികളുടെ ആവശ്യം പരിഗണിച്ച് ഈ വർഷം ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കോവിഡ് കാലം കൂടി കണക്കിലെടുത്ത് 2021 മാർച്ച് 31 വരെ എൻ.പി.എ ആയ അക്കൗണ്ടുകൾ കൂടി പരിഗണിക്കാനും തീരുമാനിച്ചു. ഇതു കൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായികളെ പ്രോത്സാഹിപ്പി ക്കുന്നതിനും ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനുമായി 100 ലക്ഷം വകയിരുത്തിയതിൽ 20 ലക്ഷം രൂപ ഇതിനകം വ്യവസായ വാണിജ്യ ഡയറക്ടർക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ